LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി സ്കൂൾ കോമ്പൗണ്ടുകളിൽ വൃക്ഷത്തൈകൾമൂലമുള്ള ആപത്ത്

35 (3781) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി സ്കൂൾ കോമ്പൗണ്ടുകളിൽ വൃക്ഷത്തൈകൾ വയ്ക്കുന്ന പദ്ധതി എന്നാണ് ആരംഭിച്ചിട്ടുള്ളത് ;

(ബി) പല സർക്കാർ സ്കൂളുകളുടേയും കോമ്പൗണ്ടുകളിൽ ഇത്തരത്തിൽ നട്ട തൈകൾ വളർന്ന് വലുതായപ്പോൾ സ്കൂൾ കെട്ടിടങ്ങൾക്കും സ്കൂളിലെ കൊച്ചുകുട്ടികളുടെ ജീവനുതന്നെയും ഭീഷണിയായിത്തീർന്നിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം നട്ടിട്ടുള്ള ഇത്തരം വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് നിലവിൽ ആരെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത് ; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) സ്കൂൾ കെട്ടിടങ്ങൾക്കും കുട്ടികളുടെ ജീവനുതന്നെയും ഭീഷണിയായ ഇത്തരം മരങ്ങൾ ലേലം ചെയ്ത് മുറിച്ചുമാറ്റുന്നതിനുള്ള ലേലത്തുക എവിടെ ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ അടയ്ക്കണമെന്നതും വ്യക്തമാക്കുന്ന സർക്കാർ ഉത്തരവുകൾ ഇല്ലാത്തതിനാൽ, സ്കൂൾ പി.ടി.എ. കളുടെ ആവശ്യപ്രകാരം ഇത്തരം വൃക്ഷങ്ങൾ ഉടൻതന്നെ മുറിച്ചുമാറ്റുന്നതിന് സ്കൂൾ പ്രധാന അദ്ധ്യാപകരെ ചുമതലപ്പെടുത്തുന്നതിനും ഇതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അനുമതി നൽകുന്നതിനും അടിയന്തിര നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 1982 മുതൽ ആരംഭിച്ചു.

(ബി) ഉണ്ട്.

(സി&ഡി) സ്കൂൾ കോമ്പൗണ്ടുകളിൽ നിൽക്കുന്ന മരങ്ങൾ സ്കൂൾ കെട്ടിടങ്ങൾക്കോ, കുട്ടികളുടെ ജീവനോ ഭീഷണിയാകുന്നെങ്കിൽ പ്രധാന അധ്യാപകന് പൊതുമരാമത്ത് വകുപ്പിലെ എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ടിന്റെയും വനം വകുപ്പിന്റെ സമ്മതത്തിന്റെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുവാദത്തോടെ മുറിക്കാവുന്നതും ലേലം ചെയ്തു കൊടുക്കാവുന്നതുമാണ്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിലാണ് ഇത് നടപ്പാക്കുന്നത്.